### പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 269

# പുതിയ കൽപനകൾ-4, 5

## THE NEW COMMANDMENTS 4, 5

**ജാനുവരി 9, 2025**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### നാലാമത്തെ കൽപന: പ്രേമം
### THE FOURTH COMMANDMENT: ‘LOVE’

ഇനി നാം ഈ അദ്ധ്യായത്തിലെ നാലാമത്തെ കൽപനയിലേക്കാണ് വരുന്നത്. നാലാമത്തെ കൽപനയെന്നത് ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന ആ നാലക്ഷരപ




ദമാണ്-പ്രേമം(Love). ‘പ്രേമം’ എന്നതിന് രണ്ടു വിവക്ഷകളുണ്ട്. പക്ഷേ നാം ഇതിലൊന്നു മാത്രമേ തിരിച്ചറിയാറുള്ളൂ. ‘പ്രേമ’ത്തിൽനിന്ന് പോസിറ്റീവ് കാര്യങ്ങൾ മാത്രമേ പുറത്തുവരൂ എന്നാണ് നാം ചിന്തിക്കാറ്. പക്ഷേ, അതങ്ങനെയല്ല! നിങ്ങൾക്ക് നെഗറ്റീവായി തോന്നുന്ന കാര്യങ്ങളും പ്രേമത്തിൽനിന്ന് ജനിക്കുന്നുണ്ട്.

ഉദാഹരണമായി, പ്രേമം കൊണ്ട് ശിക്ഷയും നൽകപ്പെടാം. ഭഗവാൻ നിങ്ങളെ അവഗണിച്ചു എന്നു വരാം. പ്രേമം കാരണമായി അവിടുന്ന് നിങ്ങളെ നോക്കുകയോ നിങ്ങളോട് മിണ്ടുകയോ ചെയ്യാതിരിക്കാം. നാം സ്വയം പരിശോധിക്കുകയും വിലയിരുത്തുകയും നന്നാവുകയും ചെയ്യാൻവേണ്ടിയാണ് അവിടുന്നിത് ചെയ്യുന്നത്. ‘ഇതുവരേക്കും അന്യരുടെ കുറ്റം കണ്ടുപിടിക്കുന്ന തിരക്കിലായിരുന്നു ഞാൻ. പക്ഷേ ഇനി ഞാൻ എന്റെതന്നെ കുറ്റം കണ്ടെത്താൻ നോക്കട്ടെ.’ നാമെല്ലാവരും പിന്തുടരുന്നതിനായി നൽകപ്പെട്ടിരിക്കുന്ന ഒരു സാധന, ‘നിങ്ങളുടെ സ്വന്തം കുറ്റങ്ങളും അന്യരുടെ നന്മകളും കണ്ടെത്തുക’ എന്നതാണ്.



മറ്റുള്ളവരുടെ കുറവുകൾ ചൂണ്ടിക്കാട്ടിക്കൊണ്ടിരിക്കുകയെന്നത് സാധ്യമായതിൽ ഏറ്റവും ഹീനമായ ഒരു പാപമാണ്. നാം നമ്മുടെ തന്നെ കുറവുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.




ഭഗവാൻ ഒരു പടികൂടി കടക്കുന്നു. അവിടുന്ന് പറയുന്നത്, നിങ്ങൾ അന്യരിൽ കാണുന്ന കുറ്റങ്ങൾ ശരിക്കും അവരിൽ ഇല്ല എന്നാണ്. പുറമേ നിങ്ങൾ എന്തു കുറ്റം കണ്ടാലും അത് നിങ്ങളുടെ ഉള്ളിലുള്ളതാണ്. പുറമേ നിങ്ങൾ കാണുന്ന കുറ്റങ്ങൾ നിങ്ങളുടെ സ്വന്തം ആന്തരസത്തയുടെ പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല.






അതിനാൽ, എല്ലാവരെയും സ്നേഹിക്കുക. അതിൽ എന്തെങ്കിലും വ്യവസ്ഥയോ ഉപാധിയോ പരിധിയോ ഒന്നുമില്ല. പ്രേമം, പ്രേമം, പ്രേമം മാത്രം! ഭഗവാനോട് ഏറ്റവും അടുത്തിരിക്കാൻ ഏറ്റവും ശക്തമായ ആന്റിബയോട്ടിക്കാണിത്. എല്ലാ തലത്തിലുമുള്ള ഓരോരുത്തർക്കും ഒഴിവാക്കാനാവാത്തതാണിത്-എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്കും, എല്ലാ സമൂഹങ്ങൾക്കും, സംഘടനയിലെ എല്ലാ അംഗങ്ങൾക്കും.

പ്രേമം വളരെ, വളരെ അത്യാവശ്യമുള്ളതാണ്. അവിടുന്ന് നിങ്ങളെ അവഗണിച്ചാൽക്കൂടി, അവിടുന്ന് നിങ്ങളെ കഠിനമായി പ്രഹരിച്ചാൽക്കൂടി, അഥവാ നിങ്ങളെ പരസ്യമായി ശാസിച്ചാൽക്കൂടി, നിങ്ങൾ അവിടുന്നിനെ സ്നേഹിക്കണം. കരയാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമില്ല. എന്തു കൊണ്ട്? ഭഗവാൻ നിങ്ങളെ ശകാരിക്കുന്നത് നിങ്ങളുടെതന്നെ നന്മയ്ക്കാണെന്ന് മനസ്സിലാക്കാനിട വരുമ്പോൾ, നിങ്ങൾ അവിടുന്നിനെ സ്നേഹിക്കുന്നത് തുടരും. നിങ്ങളുടെതന്നെ നല്ലതിനാണെന്ന് നിങ്ങൾക്ക് ബോധ്യം വരുമ്പോൾ, അപ്പോൾ, അവിടുന്ന് നിങ്ങളെ അവഗണിക്കുകയാണെങ്കിൽക്കൂടി, നിങ്ങൾ അവിടുന്നിനെ സ്നേഹിക്കുന്നത് തുടരും.



## ഭഗവാന്റെ പ്രേമത്തിന്റെ അനുഭവം
## EXPERIENCE OF BHAGAWAN'S LOVE

ഇതാ ഒരു ചെറിയ ഉദാഹരണം, അത് അത്ര സുഖകരമല്ല എങ്കിലും! കുറച്ചുകാലം മുമ്പൊരിക്കൽ, പത്തു കൊല്ലം ആയിക്കാണും, എങ്ങനെയോ ഭഗവാന് എന്നോട്



നീരസമായി. അവിടുന്ന് എന്നോട് വലിയ ദേഷ്യം കാട്ടുകയുണ്ടായി. അവിടുന്ന് പരസ്യമായി എന്റെ മേൽ വാക് മിസൈലുകൾ തൊടുത്തു, സ്കഡ് മിസൈലുകളേക്കാൾ ശക്തിയുള്ളവ. എനിക്ക് വളരെ വളരെ സങ്കടമായി, അപമാനം തോന്നി. അവിടുന്നിന്റെ കരവലയത്തിലേക്കും സംഘടനയിലേക്കും വന്നിട്ട് ഒരു കൊല്ലമേ ആയിട്ടുള്ളൂ എന്നതിനാൽ, പ്രതികരിക്കുക മാത്രമായിരുന്നു എനിക്ക് പോംവഴി.

അന്നു വൈകുന്നേരം എന്റെ മുഖം കനത്തിരുന്നു, എന്തെന്നാൽ പരസ്യമായി അഭിനന്ദിക്കപ്പെടേണ്ടതിനു പകരം ഞാൻ ശകാരമാണ് കേൾക്കുന്നത്. നമ്മൾ പ്രതീക്ഷിക്കുന്നത് അഭിനന്ദനങ്ങൾ, സ്തുതികൾ, ആശംസകൾ ഒക്കെയാണ്. അക്കാലമത്രയും അതായിരുന്നു ഞാൻ ശീലിച്ചിരുന്നത്. കാസറ്റിന്റെ ഈ 'ബി സൈഡ്' എനിക്ക് അറിഞ്ഞുകൂടായിരുന്നു!

അന്നു വൈകുന്നേരം അവിടുന്ന് പറഞ്ഞു, "വരൂ, എണീൽക്ക്!" എന്നിട്ട് സ്വാമി ഒരു



പ്രഭാഷണം നൽകാൻ തുടങ്ങി, ഞാനത് പരിഭാഷപ്പെടുത്തേണ്ടിയിരുന്നു. അവിടുന്ന് എന്താണെന്നോ പറഞ്ഞത്? "ഞാൻ ചില ആളുകളെ വഴക്കു പറയുമ്പോൾ, അവർക്ക് വല്ലായ്മ തോന്നുന്നു. ആയിരക്കണക്കിന് ആളുകൾ ഇവിടെ ദർശനത്തിനായി വരുന്നു. അവരിൽ, ചുരുക്കം ചിലർക്കു മാത്രമാണ് എന്റെ അടുത്തു വരാനുള്ള അവസരം ലഭിക്കുന്നത്. സംഘടനയിൽ പ്രവർത്തിക്കാൻ അവസരം കിട്ടുന്നത് വളരെ ചുരുക്കം ആളുകൾക്കാണ്. അവർ യാതൊരു കുറവുകളുമില്ലാതെ പരിപൂർണരാവണമെന്ന്, ഇകഴ്ത്തലിനു മീതെ, നിന്ദയ്ക്ക് അതീതരാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അവരെ ശകാരിക്കുന്നതും തിരുത്തുന്നതും അവരെ പൂർണ

രാക്കുന്നതിനുവേണ്ടിയാണ്. എന്നാൽ, ചില ആളുകൾക്ക് അതിൽ വലിയ വിഷമം തോന്നുന്നതായി കാണുന്നു.''

യഥാർത്ഥത്തിൽ, ഈ കേസിൽ 'ചില ആളുകൾ' ഇല്ലായിരുന്നു, ഒരൊറ്റ ചങ്ങാതി മാത്രമാണുണ്ടായിരുന്നത്-ഞാൻതന്നെ. ഒരുവേള, അത് നേരിട്ട് പറഞ്ഞാൽ കാര്യം കൂടുതൽ വഷളാകുമെന്ന് സ്വാമി ചിന്തിച്ചിട്ടുണ്ടാവും. എന്നിട്ട് അവിടുന്ന് പറഞ്ഞു, ''ഞാൻ നിങ്ങളെ വഴക്കു പറയുന്നതും തിരുത്തുന്നതും നിങ്ങളെ സ്നേഹിക്കുന്നതു കൊണ്ടാണ്. എനിക്ക് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധയില്ലായിരുന്നുവെങ്കിൽ, ഞാൻ നിങ്ങളെ നിങ്ങളുടെ വഴിക്ക് വിട്ടേനേ. നിങ്ങളെ ഞാൻ ഒറ്റയ്ക്ക് വിട്ടേനേ. ഞാൻ നിങ്ങളെ ശകാരിക്കുന്നത് എന്തുകൊണ്ടെന്നാൽ, നിങ്ങൾ നന്നാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് നിങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.''

അപ്പോൾ, സ്നേഹം പുകഴ്ത്തലും ഇകഴ്ത്തലും, ദു:ഖവും സുഖവും, ആശംസയും നിന്ദയും, മുൻഗണനയും തികഞ്ഞ അവജ്ഞയും, ഉൾക്കൊള്ളുന്നു. അത് ആവർത്തിച്ചുള്ള ഇന്റർവ്യൂകളും, ആകെ തകർന്ന് പടുകുഴിയിലായ നിലയും ഉൾക്കൊള്ളുന്നു. ഏതാണ്ടൊരു പെൻഡുലം പോലെയാണത്. ഒരു പെൻഡുലം ഇരുവശങ്ങളിലേക്കും മുന്നോട്ടും പുറകോട്ടും ചലിക്കുന്നു. അത് ഒരറ്റത്തേക്ക് നീങ്ങുമ്പോൾ,




ആ വശം സന്തോഷത്തോടെ ചിന്തിക്കും, ''പെൻഡുലം എന്റയടുത്താണ്.'' അടുത്ത നിമിഷം അത് മറുവശത്തേക്ക് പോകുന്നു. അത് ഇരുവശങ്ങളിലേക്കും സമമായാണ് നീങ്ങുന്നതെന്ന അതിന്റെ സമഗ്ര ഘടനയെപ്പറ്റി അവബോധമുണ്ടെങ്കിൽ, അപ്പോൾ, അത് സ്ഥിരമാവും. പെൻഡുലത്തിന്റെ നീക്കം കാരണമായി




സമയം ഉണ്ട്. സമയം, കാലം, ഈശ്വരനാകുന്നു. ഈശ്വരൻ സമയമാകുന്നു. ഈശ്വരൻ സമയത്തെ അതിക്രമിക്കുന്നു, അവിടുന്ന് കാലത്തിന്റെ യജമാനനാകുന്നു. പെൻഡുലത്തിന്റെ ഈ ദോലനചലനം കാരണമായി സമയം ഉണ്ട്. അപ്പോൾ, സ്നേഹത്തിൽനിന്ന് രണ്ടു കാര്യങ്ങളും ജീവിതത്തിൽ സംഭവിക്കുന്നു. നാമത് മനസ്സിലാക്കണം.

ഈ സ്നേഹം നമ്മുടെ സ്വന്തം ധാരണയ്ക്കും അപ്പുറത്താണ്. ജീവിതത്തിൽ, നാം അംഗീകാരവും പുരസ്കാരവും പോലെയുള്ള പോസിറ്റീവായ കാര്യങ്ങൾക്കായി മാത്രമല്ല ഒരുങ്ങിയിരിക്കേണ്ടത്. ചാട്ടയടികൾക്കും നാം ഒരുങ്ങിയിരിക്കേണ്ടതുണ്ട്, നമ്മുടെ പൂർണ്ണതയ്ക്കായി അവയും സ്നേഹത്തിൽനിന്നാണ് നൽകപ്പെടുന്നത്.



ഭഗവാൻ ഒരു ശിലയുടെ ഉദാഹരണം തരുന്നു. ഉളിയുടെയും ചുറ്റികയുടെയും സഹായത്താലാണ് അതൊരു മനോഹരമായ കൃഷ്ണവിഗ്രഹമായി രൂപപ്പെടുത്തുന്നത്. നിരന്തരമായ ചുറ്റികയടിയും ഉളിപ്രയോഗവും സഹിക്കാത്തിടത്തോളം, ഈ ശില ആരാധനയ്ക്കും പൂജയ്ക്കും അർഹമായ ഒരു മനോഹര വിഗ്രഹമായി രൂപം മാറില്ല.




ജീവിതത്തിലെ എല്ലാ ബുദ്ധിമുട്ടുകളും ദുരന്തങ്ങളും ദുരിതങ്ങളും ഈശ്വരന്റെ ശാപമല്ല! അവയും ഒരുപോലെ കൃപാകടാക്ഷങ്ങളാണ്. ഇത് പറയാൻ എളുപ്പമാണ്! ഇത് വാക്കാൽ പറയാനെളുപ്പമാണ്, എന്നാൽ അതിലൂടെ കടന്നുപോവുക വളരെ പ്രയാസമാണ്. എങ്കിലും വസ്തുത വസ്തുത തന്നെ. ഈശ്വരൻ സമ്മാനങ്ങൾ മാത്രമേ തരുന്നുള്ളൂ. അവയെല്ലാം വരങ്ങളാണ്. ശരിയായ, പോസിറ്റീവായ അർത്ഥത്തിൽ അതിനെ എടുക്കേണ്ടത് നമ്മളാണ്.

അതുകൊണ്ട്, സ്നേഹം എന്നാൽ കേവലം, സമഗ്രമായി പോസിറ്റീവായ ആ അവസ്ഥയാകുന്നു. നാം ഒരിക്കലും അവിടുത്തെ സമ്മാനങ്ങൾ നെഗറ്റീവ് അർത്ഥത്തിൽ എടുക്കരുത്. അത് കാലത്തിനും സമയത്തിനും




പദവിക്കും സാഹചര്യങ്ങൾക്കും അതീതമായ, ഒരു നാലക്ഷരമുള്ള പദമാണ്. ഈ സ്നേഹത്തെ നാം വിലമതിക്കേണ്ടിയിരിക്കുന്നു.

## അഞ്ചാമത്തെ കൽപന: ചിരിക്കുക!
## THE FIFTH COMMANDMENT: SMILE!

അഞ്ചാമത്തെ കൽപനയെന്നത് ഏറ്റവും സന്തോഷകരമായ രണ്ടക്ഷരമുള്ള ഒരു പദമാണ്: 'ചിരി'! സദാ പുഞ്ചിരിയണിയുക. പുഞ്ചിരിക്കുന്ന മുഖമാണുള്ളതെങ്കിൽ ആളുകൾ നിങ്ങളുടെ അരികിലെത്തും. നാം ഒരു വൃത്തികെട്ട, ഭീകരമായ, ഗൗരവമുള്ള മുഖത്തോടെ ഇരിക്കുകയാണെങ്കിൽ, ആരുംതന്നെ നമ്മെ നോക്കുകപോലുമില്ല-ഈശ്വരൻകൂടി! നാമെല്ലാവരും ചിരിച്ചുകൊണ്ടേയിരിക്കണം!



ഏറ്റവും ഹൃദ്യമായ സംഗതിയാണിത്. നാം ഭഗവാനിൽനിന്ന് ഇത് പഠിക്കേണ്ടിയിരിക്കുന്നു. എല്ലായ്പോഴും അവിടുന്നിനെ നാം കാണുന്നത് ചിരിയോടെയാണ്.



കുറേക്കാലം മുമ്പ് ഒരു സംഭവമുണ്ടായി. അവിടുത്തെ സ്വന്തം അളിയൻ, അവിടുത്തെ സഹോദരീഭർത്താവ്, മരിച്ചു. കസ്തൂരി, ഇവിടുത്തെ സീനിയറായ മാന്യദേഹം, ഭഗവാന്റെയടുത്ത് ചെന്നു. അദ്ദേഹം എന്താണ് കണ്ടതെന്നോ?

സ്വാമി ഭിത്തിയിൽ ചാരി കാൽ പിണച്ച് പുഞ്ചിരിയോടെ നിൽക്കുന്നു. അവിടുത്തെ സഹോദരീഭർത്താവ് അപ്പോൾ മരിച്ചിട്ടേയുള്ളൂ, കസ്തൂരി കണ്ടത് അവിടുന്ന് പുഞ്ചിരിക്കുന്നതാണ്.

“നിരാശ്രയരാവരെ ചൊല്ലി ഞാൻ ദു:ഖിക്കുന്നു, എന്റെ ആദരാഞ്ജലികൾ!” എന്ന് കസ്തൂരിക്ക് പറയാനായില്ല. ഈ വാക്കുകൾ നമുക്ക് ഭഗവാന്റെ മുമ്പാകെ പറയാനാവില്ല, കാരണം അവയ്ക്ക് യാതൊരു പ്രസക്തിയുമില്ല.

അതുകൊണ്ട് അദ്ദേഹം പറഞ്ഞു, “സ്വാമീ, ആശ്രമത്തിൽ പലരും വിഷമിച്ചിരിക്കുകയാണ്.”

സ്വാമി ചോദിച്ചു, “എന്തുകൊണ്ട്, എന്തിന്?”

“അവിടുത്തെ അളിയൻ മരിച്ചുപോയതുകൊണ്ട്” എന്ന് കസ്തൂരി പറഞ്ഞില്ല. പകരം അദ്ദേഹം പറഞ്ഞു, “സ്വാമീ, ആ വ്യക്തി മാന്യനായിരുന്നു, മരിച്ചുപോയി. അദ്ദേഹം വളരെ സ്നേഹമുള്ളയാളായിരുന്നു, ആളുകൾക്ക് അതിൽ വളരെ വിഷമമുണ്ട്.”

ഭഗവാൻ പറഞ്ഞു, “എന്തിനാണ് നിങ്ങൾ വിഷമിക്കുന്നത്? ഇത്തരം കാര്യങ്ങൾ സംഭവിച്ചില്ലെങ്കിൽ, എനിക്ക് ഈ ലോകത്ത് മറ്റെന്തു പണിയാണുള്ളത്? ട്രെയിനുകളുടെ അഥവാ വിമാനങ്ങളുടെ പോക്കും വരവുമില്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർക്ക് അഥവാ ജനറൽ മാനേജർക്ക് ജോലിയുണ്ടാവില്ല. അയാൾ തൊഴിൽരഹിതനാവും.”




അതുകൊണ്ട്, അവിടുന്നത് ആസ്വദിക്കുകയായിരുന്നു. മാനുഷികതലത്തിൽ ഇത് സാധ്യമാണോ? അല്ല, അസാദ്ധ്യമാണത്!



അവിടുത്തെ ചിരി ദ്വന്ദ്വങ്ങൾക്ക് അതീതമാണ്. ഐകരൂപ്യവും സമചിത്തതയും പ്രതിനിധാനം ചെയ്യുന്ന ചിരിയാണത്. നമ്മുടെ സദാ പുഞ്ചിരിക്കുന്ന, ഒരിക്കലും തോൽക്കാത്ത, സദാ സന്നദ്ധ

നായ ദൈവമാകുന്നു ഭഗവാൻ ശ്രീ സത്യ സായി ബാബ. എല്ലായ്പോഴും പുഞ്ചിരിയോടെ മാത്രമേ നിങ്ങൾക്ക് അവിടുന്നിനെ കാണാനാവൂ, വളരെ തിരക്കു പിടിച്ച ഒരു ജോലിക്കിടയ്ക്കും.




നിരവധി ആളുകൾ ചിരിയിൽനിന്ന് മൈലുകൾ അകലത്താണ് എന്നത് വളരെ നിർഭാഗ്യകരമാണ്. എങ്ങനെയാണ് ചിരിക്കേണ്ടതെന്ന് അവർക്കറിഞ്ഞുകൂടാ. അതൊരു ദുരന്തമാണ്! മനുഷ്യജീവിതത്തിന്റെ ഒരു ട്രാജഡിയെന്നത്, ചിരിക്കാൻ കഴിയാത്തതാണ്. അത്തരം നിർഭാഗ്യവാന്മാരായ ആളുകളോട് നമുക്ക് സഹതപിക്കാം, അവർക്കായി പ്രാർത്ഥിക്കാം. “എല്ലായ്പോഴും നിങ്ങൾക്ക് അനുസരണയുള്ളവരാവാൻ കഴിയില്ല, പക്ഷേ എല്ലായ്പോഴും നിങ്ങൾക്ക് മര്യാദയോടെ സംസാരിക്കാനാവും.” നിങ്ങൾക്ക് ചിരിയോടെ ആളുകളെ




അഭിവാദ്യം ചെയ്യാം, “സായി രാം! ഇന്നു കാലത്ത് താങ്കൾക്കെങ്ങനെയുണ്ട്?” ഇപ്രകാരം ചെയ്യുന്നതുകൊണ്ട് നിങ്ങൾക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. ആളുകൾ നിങ്ങളെ സമീപിച്ച് കാര്യങ്ങൾ നിർവ്വഹിക്കാവുന്ന വിധത്തിൽ നിങ്ങൾ പ്രാപ്യനാവണം. ചിരിക്കുമ്പോൾ നിങ്ങൾ ആരോഗ്യവാനായും പ്രസരിപ്പുള്ളവനായും തോന്നിക്കും.




പ്രഫസർ അനിൽകുമാർ അടുത്ത ലക്കത്തിൽ കൂടുതൽ പുതിയ കൽപനകൾ വെളിപ്പെടുത്തുന്നതാണ്.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



പ്രഫ. അനിൽകുമാർ കാമരാജു – (***Sai-Vedam*** പേജ് 161–168)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)